"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിലെ വിധവയായ ശ്രീമതി പ്രഭാവതി വട്ടക്കുഴിയ്ക്ക് ലൈഫ് മിഷൻ പ്രകാരം ഭവന നിർമ്മാണ ആനുകൂല്യം നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1870/2024/LSGD തീയതി,തിരുവനന്തപുരം, 08-10-2024

---

പരാമർശം:-
1. കുറുവ ഗ്രാമപഞ്ചായത്തിന്റെ 12/03/2024 ലെ സാധാരണയോഗത്തിന്റെ 10/1 നമ്പർ തീരുമാനം.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഒാർ ഡിനേഷൻ കമ്മിറ്റിയുടെ 13/08/2024-ലെ യോഗത്തിന്റെ ഖണ്ഡിക (4.2) തീരുമാനം

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിലെ വിധവയായ ശ്രീമതി. പ്രഭാവതി വട്ടക്കുഴി ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു. ടിയാരിയുടെ മൂത്ത മകൻ 80% അംഗവൈകല്യമുള്ള കിടപ്പുരോഗിയും, രണ്ടാമത്തെ മകൻ 40% അംഗവൈകല്യമുള്ള വ്യക്തിയുമാണ്. ടിയാരിയുടെ ഇളയമകൻ ഭാര്യവീട്ടുകാരുടേയും, നാട്ടുകാരുടേയും സഹായത്തിൽ വീട്ടു നിർമ്മാണം 70 ശതമാനം പൂർത്തീകരിച്ചതിനായാൽ ലൈഫ് ലിസ്റ്റിൽ നിന്നും ഈ കുടുംബത്തെ ഒഴിവാക്കിയിരുന്നു. ഭിന്നശേഷിക്കാരനായ മക്കൾക്കും വിധവായ ശ്രീമതി. പ്രഭാവതിയ്ക്കും താമസിക്കുന്നതിനായി ലൈഫ് മിഷൻ പ്രകാരം വീട് അനുവദിച്ചു നൽകുന്നതിന് സർക്കാരിന്റെ അനുമതിതേടാവുന്നതാണെന്ന് പരാമർശം 1 പ്രകാരം കുറുവ ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഒാർഡിനേഷൻ കമ്മിറ്റിയുടെ 13/08/2024-ലെ യോഗം ഈ വിഷയം പരിശോധിച്ചു. ആരോഗ്യവാനായ ഇളയ മകൻ വീട്ടു നിർമ്മിച്ച് കുടുംബത്തിൽ നിന്ന് മാറുമ്പോൾ, വിധവയായ മാതാവും അംഗവൈകല്യമുള്ള രണ്ട് മക്കളും ഭവനരഹിതരാകുന്ന സാഹചര്യം പരിഗണിച്ച് മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിലെ വിധവയായ ശ്രീമതി. പ്രഭാവതി വട്ടക്കുഴിയ്ക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം വീട് അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, കുറുവ ഗ്രാമപഞ്ചായത്ത്, മലപ്പുറം

ശ്രീമതി പ്രഭാവതി വട്ടക്കുഴി( കുറുവ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

തദ്ദേശസ്വയംഭരണ (ഡി എ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 08-10-2024 16:12:06
സെക്ഷൻ ഓഫീസർ